DHS/1536/2023-EA1

1/29956/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ-ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. സനീഷ്.വി. സുകു, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) നിയമന ഉത്തരവിനായി കാത്തിരുന്ന കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഉത്തരവ് നം. ഇഎ1-44082/2022/ആ.വ.ഡ തീയതി 07.10.2022
2. കത്ത് നം. എ1-186/2022/ജി.മെ.ആ(ആ) പാലക്കാട് തീയതി 08.01.2022
3. Circular No. 41/2012/Fin. dated 29.06.2012
4. Circular No. 44/2012/Fin. dated 09.06.2022

**ഉത്തരവ് നം. ഇ.എ1- 1536/2023/ആ.വ.ഡ തീയതി: 08.03.2023**

ആരോഗ്യവകുപ്പിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റായിരുന്ന ഡോ. സനീഷ്.വി. സുകു, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തുനിന്ന 20.04.2022 മുതൽ 09.10.2022 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ എൻ.ഒ.സിയുടെ അടിസ്ഥാനത്തിൽ ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഡോ. സനീഷ്.വി. സുകു, ആരോഗ്യപരമായ കാരണങ്ങളാൽ പഠനകാലയളവ് പൂർത്തിയാക്കുന്നതിനു മുൻപു തന്നെ തിരികെ ജോലിയിൽ പ്രവേശിക്കണമെന്നാവശ്യപ്പെട്ട് 20.04.2022ന് അപേക്ഷ സമർപ്പിച്ചിരുന്നു. എൻ.ഒ.സി വാങ്ങി ആരോഗ്യവകുപ്പിൽ നിന്നും വിടുതൽ ചെയ്ത ടി ഡോക്ടർ ഉപരിപഠനത്തിനു പ്രവേശിച്ചിരുന്നോ എന്നും, ഉപരിപഠനത്തിൽ തുടരുവാൻ കഴിയാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും ലഭ്യമായതിനെ തുടർന്ന് പരാമർശം(1) പ്രകാരം നിയമന ഉത്തരവ് നൽകുകയും, ടിയാൻ 10.10.2022ന് പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ പരാമർശം (3), (4) പ്രകാരമുള്ള സർക്കുലറുകളുടെ അടിസ്ഥാനത്തിൽ ഡോ. സനീഷ്.വി. സുകു, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തുനിന്ന 20.04.2022 മുതൽ 09.10.2022 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവാകുന്നു. അവധി അനുവദിക്കുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന മേലധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**

**ഡോ. റീന.കെ.ജെ**

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. സനീഷ്.വി. സുകു, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്),
താലൂക്ക് ആശുപത്രി പട്ടാമ്പി, പാലക്കാട്

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പാലക്കാട്
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി പട്ടാമ്പി, പാലക്കാട്
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**